# ഇലത്താൾ



## ഗവ.ഹൈസ്കൂൾ കാക്കവയൽ

little KITEs

little KITEs

# ഇലത്താൾ

ഗവ.ഹൈസ്ക്കൂൾ കാക്കവയൽ

ഡിജിറ്റൽ മാഗസിൻ

# ആമുഖം

'ഇലത്താൾ' വിവിധ സ്വാദുകളുടെ കേന്ദ്രം. വിവിധ രുചികൾ പല നിറങ്ങളിൽ ഒത്തുചേരുമ്പോൾ ഇലത്താൾ മനോഹരമായി തീരുന്നു. വിവിധ വർണ്ണങ്ങളുടെയും സ്വാദുകളുടെയും സദ്യതന്നെയാണ് 'ഇലത്താൾ' എന്ന ഈ ഡിജിറ്റൽ മാഗസിനും അക്ഷരങ്ങളാകുന്ന വിഭവങ്ങളെ ശരിയായവിധം പാകപ്പെടുത്തി വിവിധ തരത്തിലുള്ള രുചിയുള്ള വ്യത്യസ്ഥ ഗന്ധമുള്ള കൃതികളായി ഞങ്ങൾ 'ഇലത്താളിൽ' വിളമ്പുന്നു. സാഹിത്യത്തെ സ്നേഹിക്കുന്നവർക്കും ഉള്ള ഒരു ആധുനിക സാഹിത്യസമാഹാരമായാണ് ഞങ്ങൾ ഇലത്താളിനെ അവതരിപ്പിക്കുന്നത്.ഡിജിറ്റൽ യുഗത്തിന്റെ യുവപ്രതിഭകൾ എന്ന നിലയിലും കാവ്യാസ്വാദകർ എന്ന നിലയിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന ഒരു നവീന രീതിയിലുള്ള മാഗസിനാണ് ഇത് . വിദ്യാർത്ഥികളിലെ കഴിവുകളെ വളർത്തിയെടുക്കുന്നതിനൊപ്പം ആ സാഹിത്യപരമായ കഴിവുകളെ സാങ്കേതികവിദ്യകളുമായി കൂട്ടിയിണക്കുക എന്നതാണ് ഈ മാഗസിനിലൂടെ ചെയ്യുന്നത്.

എല്ലാം ഡിജിറ്റലാകുന്ന ഈ കാലഘട്ടത്തിൽ സാഹിത്യത്തെ ക്ഷയിച്ചുപോകാതെ കാത്തുസൂക്ഷിക്കുന്നതിനുള്ള ഒരു പുത്തൻ കാൽവെപ്പാണ് ഡിജിറ്റൽ മാഗസിൻ വഴി ഞങ്ങൾ തുടക്കം കുറിക്കുന്നത് . കുരുന്നുകൾക്ക് അവരായിരിക്കുന്ന സമൂഹത്തിൽ അവരിലുള്ള കഴിവുകളെ വളർത്തിയെടുക്കുവാൻ ഈ ഡിജിറ്റൽ മാഗസിൻ വഴി സാധിക്കുന്നു .

"ഇലത്താളിൽ
നൂറുകൂട്ടം കൃതികളുമായി
ഞങ്ങൾവിളമ്പുന്ന ഈ സാഹിത്യസദ്യ
ഏവർക്കും സാഹിത്യത്തിന്റെ
നറുരുചി പകരട്ടെ
എന്ന് ആശംസിക്കുന്നു."


-ചീഫ് എഡിറ്റർ



# സമർപ്പണം

ഞങ്ങളെ ഞങ്ങളാക്കിത്തീർത്ത

അധ്യാപകർക്കും മാതാപിതാക്കൾക്കും....



# താളുകളിലൂടെ


ഗവ .ഹൈസ്കൂൾ കാക്കവയൽ 65....................3
ആശാൻ എന്ന മാനി....................5
ആദ്യാധ്യാപകർ....................6
അച്ഛൻ തന്ന അറിവ്....................7
ബഷീർ വേറിട്ട കാഴ്ചകൾ....................8
ബഷീർ വേറിട്ട കാഴ്ചകൾ....................9
ചെറുകഥ എന്ന സാഹിത്യരൂപം....................10
ഹേ മത്സ്യമേ....................11
ജീവിതം ഒരു പ്രാർത്ഥന....................13
കടത്തുകാരൻ....................14
കിളിരൂർ രാധാകൃഷ്ണൻ....................15
കാളകൾ....................17
ഒറ്റക്ക് പൂത്തൊരു വാക-....................18
നഗരത്തിൽ ഒരു യക്ഷൻ....................19
നന്മയുടെ പാതയിലേക്ക്....................20
ഓർമ്മക്കായ് വായന....................21
ഒന്ന്....................22
സഫലമീയാത്ര....................23
അമ്മ എന്ന സ്നേഹം....................25
അറിവ്....................26
അന്ത്യചിന്ത....................27
ഗാന്ധിയൻ ആദർശങ്ങളുടെ ഇന്നത്തെ പ്രസക്തി....................29
എട്ടാമത്തെ മോതിരം....................31
കീറിപ്പൊളിഞ്ഞ ചകലാസ്....................33
വിഭജനങ്ങൾ....................35
കുഞ്ഞുണ്ണി....................38
മാധവിക്കുട്ടി (കമലാസുരയ്യ)....................39
-(1934-2009)....................39

എൻ . പി. മുഹമ്മദ് -(1928-2003............40
വരവിളി............41
നാലിതൾപ്പൂവ്............47
വെളിച്ചം............50
അജഗജാന്തരം............52
എന്റെ ഗ്രാമം കാക്കവയൽ............54
ചക്കര മാമ്പഴം............55
തുടിതാളം തേടി............56
തെംസ് നദിയോട്............57
പദകോശം............58
പഴഞ്ചൊല്ലുകൾ............59
ആനന്ദിന്റെ പുസ്തകങ്ങൾ............60
പുരോഗാമി............61
പ്രളയ നാട്............62
പ്രസംഗം............63
നാലിതൾപ്പൂവ്............64

# ആശാൻ എന്ന മാനി

*ഒറ്റക്കണ്ണനായ പകലവൻ അസ്തമിച്ചു . സഹസ്രാക്ഷനായരാത്രി വന്നു . ഞാൻ തേക്കിൻക്കാട്ടിലൂടെ പടിഞ്ഞാട്ട് നടന്നു . വാദ്യങ്ങളോടും വെടിക്കെട്ടുകളോടും മെല്ലെമെല്ലെ വിദ്യാർഥി കോർണറിലെ ബഹുജന*

സമുദ്ര- ത്തിൽ ഒലിച്ചുവന്നുവിലയിച്ച ഘോഷയാത്രയിൽ ഉയന്നു നിൽക്കുന്ന രൂപത്തിന്മേൽ എന്റെ കണ്ണുകൾ ചെന്നുപതിഞ്ഞു . അദ്ദേഹം മന്ത്രിക്കുന്നുണ്ടോ ?

"ഒരു നിഷ്ചയമില്ലൊന്നിനും
വരുമോരോ ദശ, വന്ന പോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമെ"

ഇത്ര വിപുലവും ആർഭാടപൂർണ്ണമായ രീതിയിൽ ഒരു കവിയുടെ ലോഹപ്രതിമയെ എന്നെങ്കിലുമിവിടെ സ്വാഗതം ചെയ്തിട്ടുണ്ടോ ? ഇല്ലെന്ന് തീർച്ചയാണ് . യു .എൻ .ഓ പോലും കേരളീയ കവിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്നുവെന്നത് ടാഗോറിന്റെ " ഗീതാഞ്ജലി " ക്ക് നോബൽ പ്രൈസ് കിട്ടിയ ശേഷം നമുക്കുണ്ടായ ഏറ്റവും വലിയ രോമഹർഷമല്ലയോ ?

നയന എ .ആർ

# ആദ്യാധ്യാപകർ

അക്ഷരക്കൂട്ടുകൾ പാടിപ്പഠിപ്പിച്ചും
മാമൂട്ടിയും നമ്മെ പോറ്റിയമ്മ ..........
തെറ്റുതിരുത്തിയും നേർവഴി കാട്ടിയും
പിച്ചവെച്ചീടാൻ കൈനീട്ടിയച്ഛൻ
അമ്പിളിമാമനെ കാട്ടിയിട്ടും ...........



താരാട്ടുപാടിയുറക്കിയിട്ടും.............
അമ്മയെന്നുള്ളിൽ ഇടം നേടിയേ
ചിത്രശലഭങ്ങളെപ്പോലെ..............
പ്രതിസന്ധികളില്ലെന്ന് ഓതിപ്പഠിപ്പിച്ച്
കാണുന്നതെല്ലാം മനസ്സിൽ പതിപ്പിച്ച്
ഇടംനേടിയെന്നുള്ളിലച്ഛൻ ........
കുരുന്നുകിളികളെപ്പോലെ.........
കരയരുതെന്നമ്മ ചൊന്നിടുന്നു
കരയുമ്പോൾ കണ്ണീർ തോർത്തിടുന്നു
കരയാതെ കരയുന്ന അമ്മയെന്നുള്ളിലെ
ദൈവമായി ഞാനെന്നും പൂജിച്ചിടും
ശാസനകാട്ടിയാലും
ദു:ഖിതയാക്കിയാലും
എന്നുമെന്റച്ഛന്റെയുള്ളിലെ കൺമണി ഞാൻ

ഷഹീന & അഭിരാമി

# അച്ഛൻ തന്ന അറിവ്

പച്ചപ്പരവതാനി വിരിച്ച വിശാലമായ ഗ്രാമത്തിൽ

ഒരു കൊച്ചുകുടുംബം. ജനാർദ്ധാരൻ മാഷും മക്കളും."അവർ സംസാരിക്കുമ്പോൾ ഒരു പ്രത്യേക സുഖാ". അതെ അദ്ദേഹം സംസാരിക്കുമ്പോൾ എന്തൊരു ആകർഷതയാണ്. മറ്റുള്ള- വരുടെ ആട്ടും തുപ്പും സഹിച്ച് കൂലിപ്പണിയെടുത്താണ് മാഷ് മക്കളെ പഠിപ്പിച്ചത്. അവരെ വലിയ നിലയിലെത്തിച്ചു.ഇന്നു നാം നമ്മുടെ സമൂഹത്തിൽ കാണുന്നത് പോലെ അവർ അച്ഛനു നേരെ തിരിഞ്ഞു. കൂലിപ്പണിയെടുത്ത പാവം മാഷിന്റെ ജീവിതത്തിന് വെറും പുല്ല് വില . അങ്ങനെയിരി- ക്കെ മക്കളുടെ അവകണന സഹിക്കാൻ വയ്യാതെ പാവം മാഷ് വീടുവിട്ടിറങ്ങി.മക്കൾ അവരുടെ അച്ഛനെയന്വേഷിച്ച സഹോദരങ്ങൾക്ക് മ്ന്നിൽ പെരുമാറാനറിയാതെ വിയർത്തു. തന്റെ അച്ഛനില്ലാത്തതിന്റെ വിഷമം മനസ്സി- ലാക്കിയ മക്കൾ അച്ഛനെ തേടിയലഞ്ഞു. അവർ അലയേണ്ടിവന്നില്ല. അതിനു മുമ്പേ തീർന്നിരുന്നു ആ അച്ഛ-
ന്റെ ജീവിതം.

ഷഹീന പി.

# ബഷീർ വേറിട്ട കാഴ്ചകൾ

## പുസ്തകാസ്വാദനം

അതേ , ഇതിലല്ലം വേറിട്ട കാഴ്ചകൾ തന്നെയാണ് . സ്രഷ്ടാവിനേയും വെല്ലുന്ന സ്രഷ്ടികളായി മാറിയവരാണ് ബഷീരിന്റെ കഥാപാത്രങ്ങ - ൾ . സ്വന്തം സഹോദരങ്ങളേയും ഭാര്യയേയും മക്കളേയും കഥാപാത്ര- ങ്ങളേയും തനിക്കൊപ്പംഅനശ്വരരാക്കിയ എഴുത്തുകാരനാണ് വൈ ക്കം മുഹമ്മദ് ബഷീർ .മലയാളത്തിന്റെ ആ മഹാമൗലികപ്രതിഭ നമ്മെ വിട്ടുപോയെങ്കിലും കഥാപാത്രങ്ങളിൽ പലരും നമ്മോടൊപ്പമു- ണ്ട് . അവരുടെ വല്യക്കാക്കയും , റാറ്റയും , ഇന്നും പ്രഭാപൂരത്തോടെ അവരുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു . ആ നിത്യഹരിതസ്മരണകൾ അവർ ഓരോരുത്തരും അയവർക്കുകയാണ്. അവരുടെ സത്യത- സ്ഥമായ , ഊഷ്മളമായ വാക്കുകളാണ് ഈ പുസ്തകം .തികച്ചും വ്യത്യ- സ്തമായ ആ കാഴ്ചകളുടെ നിറച്ചാർത്തുകൾ ബഷീറിന്റെ പാവനസ്മ- രണക്ക് മുന്നിൽഅർപ്പിക്കപ്പെടുന്ന ആദരാഞ്ജലികളാണ് . "ലോക സമസ്ത സുഖിനോ ഭവന്തു " എന്നു പ്രാർത്ഥിച്ചിരുന്ന ബഷീറിനായി ഒരോർമ്മപ്പുസ്തകം ......................

തയ്യാറാക്കിയത്- ജൂഡ്സൺ കെ. ജോസ്

# ചെറുകഥ എന്ന സാഹിത്യരൂപം

കഥകൾ ധാരാളമുണ്ടായിരുന്നെങ്കിലും ഒരു സാ-

ഹിത്യരൂപം എന്ന നിലയിൽ "ചെറുകഥ" ഇവിടെയെത്തുന്നത് ഇം-ഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തോടെയാണ് .മലയാലത്തിലെ ആദ്യകാല കഥകളൊക്കെ അനേകം സംഭവങ്ങലുൾക്കൊള്ളുന്ന ദീർഘകഥകളായിരുന്നു . വേങ്ങയിൽ കുഞ്ഞിരാമൻ നായരുടെ "വാസനാ-വികൃതി" നമ്മുടെ ആദ്യ ചെറുകഥയായി പരിഗണിക്കുന്നത് .

ഉല്ലാസവും ഉപദേശവും പകരുന്നകതാ-യിരുന്നു പഴയ കഥയുടെ അടിസ്ഥാന ധർമം . ഈ രമ്ട്ടു ധർമം ഒന്നി-ച്ചോ വേർതിരിഞ്ഞോ നിർവഹിക്കുന്ന കഥകളുമുണ്ട്.പഴയ കാലത്തുണ്ടാ-യ ചെറിയ കഥകളെ പല ഇനങ്ങളാക്കി വേർതിരിക്കാറുമുണ്ട്.

തയ്യാറാക്കിയത്– നന്ദന ഗിരീഷ്

# ഹേ മത്സ്യമേ

*ഹേ മത്സ്യമേ നിൻ സപ്തവർക്കുപ്പായമെൻ*
*മനസ്സിൽ കാവായഭാവന തൻ മഴവില്ല് തീർത്തിടുന്നു*
*ഭീകര മത്സത്തിൽ ഭീമമാം വലുപ്പത്തിൽ നീ ..................*
*ചെറുതെങ്കിലും നിൻ മനോഹാരിതയും*
*നിഷ്കളങ്കതയും അവയെ പിന്നിലാക്കുന്നു ..............*

*നീ ജലാശയത്തിലെ രാജകുമാരിയാകുന്നു*
*നിൻ സുന്ദരമേനി ഇളം പനിനീറിതൾ*
*പോലെ ജലാശയത്തിൽ തെന്നിനീങ്ങുന്നു*
*ഞാൻ നിൻ അതിമനോഹരരൂപഭംഗി -*
*യിൽ ആണ്ടുപോകുന്നുവല്ലോ മത്സ്യമേ*
*അസ്വസ്ഥമാകും എൻ മനത്തിൽ നീ ...........*
*ആശ്വാസജലകണമായ് വന്നു.*
*സമാധാനദാതാവല്ലോ നിനക്കീ ഭംഗി-*
*യുള്ള കുപ്പായം അണിയിച്ചുതന്നത്*
*അതിനാൽ നീ നിന്റെ സൗന്ദര്യത്തിലഹങ്കരിക്കാതെ*
*ദാതാവിനെ പ്രകീർത്തിക്കുവിനെന്ന് ഞാൻ*
*ചൊല്ലുന്നുവെന്തെന്നാൽ മാനവനിക്കാര്യമെന്നേ*
*മറന്നുപോയ്.....*

*നവീൻ പ്രദീപ്*

# കിളിരൂർ രാധാകൃഷ്ണൻ

1944 ജനുവരി 14 -ന് കോട്ടയത്തിനടുത്ത് കിളിരൂരിൽ ജനിച്ചു . അറുപതുകളിൽ എഴുത്തുതുടങ്ങി . മലയാളത്തിലെ ഒട്ടുമിക്കവാറും ആനുകാലികങ്ങളിൽ ചെറുകഥകൾ പ്രസിദ്ധീക-

രിക്കപ്പെട്ടു . കഥാകാരൻ എന്ന നിലയിൽ ശ്രദ്ധേയനായി . 1979 മുതൽ 2002 വരെ കറന്റ് ഡി.സി ബുക്ക്സിൽ സേവനമനുഷ്ഠിച്ചു . ഇപ്പോൾ പൂർണ്ണാ പബ്ലിക്കേഷൻസിൽ പബ്ലിക്കേഷൻ കൺസൾട്ടന്റ് .

ചെറുകഥ സമാഹാരങ്ങൾ , നോവലുകൾ , ബാലസാഹിത്യ കൃതികൾ , വിവർത്തനം എന്നി വിഭാഗങ്ങളിലായി 42 പുസ്തകങ്ങൾ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട് .

കൃതികൾ :

അഭിശപ്തർ , പൂർവ്വാശ്രമം ,അകത്തളങ്ങൾ , കടലാസുകപ്പൽ , ഇനിയാത്ര , ആരതി എന്നിവ നോവലുകൾ . അനുഭൂതികൾ , അപൂർവ്വം ചിലർ , ദക്ഷിണ , നിങ്ങളറിയുന്ന ഒരാൾ , ദൈവത്തി-ന്റെ മുഖം ,അച്ഛനും അമ്മക്കും സുഖംതന്നെ ,നിഴൽക്കാഴ്ചകൾ എന്നിവ കഥകൾ . ഡി.സി. ഒരു കൊളാഷ് , ബഷീർ വേറിട്ട കാഴ്ചകൾ എന്നിവ സ്മരണകൾ . ഐസ്ക്രീം , കാട് , ദീപുവിന്റെ ലോ-കം , നന്മയുടെ പൂക്കൾ ,നിറങ്ങൾ , അമ്മയോടൊപ്പം , ആനക്കഥ, ദൈവത്തിന്റെ സിംഹാസനം , പ്രകൃതിയുടെ സംഗീതം , സ്വർണ്ണ-ത്താക്കോൽ , മുറ്റത്തെ മുല്ല , കാതലുള്ള കഥകൾ , കണ്ണന്റെ ദുഃഖം എന്നിവ മറ്റു കൃതികൾ..........

തയ്യാറാക്കിയത് : ഷഹീന പി & അഭിരാമി

# കാളകൾ

തോളത്ത് ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി –
കാളകൾ മന്ദം മന്ദമിഴഞ്ഞ് നീങ്ങിടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി –
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കുനിക്കൂടി .
തോളുകൾ കുനിഞ്ഞിട്ടുണ്ടു വന്നും സ്വജീവിത –
നാളുകൾ തൽക്കണ്ഠത്തിലേറ്റിയ നുകം പേറി .
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള –
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി .
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ .
മന്നിന്റെ നിലക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ .
ഒട്ടേറെക്കാലം മുമ്പിലെച്ചെറുപഞ്ഞക്കുടിൽ –
ത്തൊട്ടിലിൽ കൈകുഞ്ഞായിപ്പിറന്ന കാലം മുതൽ ,
ലക്ഷ്യമെ , ങ്ങറിയാതെ , മൃത്യുവിൻ ഭയാനക –
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പറയാതെ ,
ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു –
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ !

പി.ഭാസ്കരൻ

# നഗരത്തിൽ ഒരു യക്ഷൻ

മാഞ്ഞു പുതുമ ; വിവാഹിതയാം മുമ്പ്
നീയണിയാറുള്ള ഭംഗികൾക്കൊക്കയും
വേനലിൻ ചൂടിൽ വരണ്ടു കൊട്ടുംമഞ്ഞു –
കാലത്തഭംഗികലർന്നു നിൻചുണ്ടുകൾ
പേന മരിച്ചു കിടപ്പു നിൻ ട്രങ്കിന്റെ
മൂലയിൽ , കൊക്കുകൾ പൂട്ടിയിരിപ്പു നാം
എത്രയോ ദമ്പതിമാർ തൻ മധുവിധു –
ച്ചിത്രങ്ങൾ തൂങ്ങും തളത്തിലെ ഭിത്തിമേൽ
നാമെന്നു നിഷ്കർഷ പാലിച്ചെടുത്തരാ
ച്ചായയും തൂങ്ങിക്കിടപ്പുണ്ടൊരോർമ്മയായ് .
മാറ്റമുണ്ടാകയാൽ രണ്ടുനാൾ ദൂരത്തി–
ലുള്ള തിരക്കാർന്ന പട്ടണം പൂകി ഞാൻ
ഓഫീസിലൊപ്പം പണ്യെടുക്കുന്ന വ–
രോത്തൊരു 'ലോഡ്ജി'ൽ കഴിയുന്ന വേളയിൽ
നിന്നഭാവത്തിലനുഭവിക്കുന്നു ഞാ–
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന.

ആറ്റൂർ രവിവർമ്മ


# നന്മയുടെ പാതയിലേക്ക്

മരണം മുഖാമുഖം നേർക്കുനേർ
കണ്ടുനാം ഒരു നാൾ രാപകൽ തോരാതെ
ഭീർകമായി നിശ്ചിതമായി നാം
എന്ത് ചെയ്യണമെന്നറിയാതെ
പ്രതിസന്തിതൻ വാതിൽ തുറന്നതും
ആരും മറിയാതെ

പ്രളയം നാമതിൽ വീണുപോയി
ഉൾത്താപം നമ്മെ ഒന്നായി വിഴുങ്ങി
ഒഴുകി നാം ഒഴുക്കിനനുസരിച്ച്
പ്രളയം പരത്തിയ ഭീകരാവസ്ഥയെ
തരണം ചെയ്തു നാം ഒന്നായി
കൺ ചിമ്മാതെ കാത്തു നാം നമ്മുടെ
ധനമോഹങ്ങളെ ആർക്കും
നൽകാതെ ഒടുവിൽ ആരെന്നോ
എന്തെന്നോ അറിയാതെ ഭൂമിതൻ
കോപാഗ്നിയിൽ വീണു നാം

ജാതിവർഗ്ഗവർണ്ണ ഭേതമന്യേ നാം
ഒന്നായി തീർന്നു
സ്നേഹസാഹോദര്യകാഴ്ചപ്പാടായി
മാറിയല്ലോ പ്രളയം
ഹാ പ്രളയം നാമതിൽ കൈകൾ
കോർത്തല്ലോ സ്നേഹം വാരി
വിതറിയല്ലോ ....................

# ഓർമ്മക്കായ് വായന



വായിച്ചു വളരൂ മനുഷ്യാ നീ.........
അറിവുകൾ നേടൂ മനുഷ്യാ നീ ........
വായന എന്നൊരു നഗരത്തിൽ
ന്ൻ മിഴി നീന്തിത്തുടിച്ചിടുന്നു .......
പുസ്തകമെന്നൊരു  ജാലകത്തിൽ
അറിവിന്റെ വാതിൽ  നിനക്കായിതാ ....
അറിവിന്റെ മുറ്റത്ത് നൽച്ചെടികൾ
നമ്മളായിരുന്നു ആ ചെടികൾ
പ്രതീക്ഷയില്ലാത്ത ജീവിതത്തിൽ
വായന എന്ന വാക്കർത്ഥമായി .......
വർണ്ണങ്ങൾ വാരി വിതറിയാ പുസ്തകം
ഏറെ മനോഹരമായിരുന്നു .......
അമ്മ പകർന്ന അറിവിൻ വെളിച്ചം
ഇന്നുമെൻ ഓർമ്മയായ് മർത്യാ ..........

സില്ല മോൾ വി. എസ്.

# റോബിൻസൺ ക്രൂസോ

യോർക്ക് നഗരത്തിൽ ഒരു ഉന്നത കുടുംബത്തിൽ 1632 –ൽ ആണ് എന്റെ ജനനം . ബ്രെമൻകാരനായൊരു വിദേശിയാണ് അച്ഛൻ ."ഹൾ" ലാണ് ആദ്യം താമസമാക്കിയത് . വ്യാപാരത്തിലൂടെ ആദ്ദേഹം ധാരാളം സമ്പാധിച്ചിരുന്നു . നല്ലൊരു എസ്റ്റേറ്റും . പിന്നീട് വ്യാപാരമെല്ലാം ഉപേക്ഷിച്ച് യോർക്കിൽ സ്ഥിരതാമസമാക്കി . ആ രാജ്യത്തെ പ്രശസ്ഥനായ റോബിൻസൺ കുടുംബത്തിൽ നിന്നാണ് അമ്മയെ അച്ഛൻ വിവാഹം കഴിച്ചത് . അവരിൽ നിന്ന് എനിക്ക് റോബിൻസൺ ക്രൂറ്റ്സ്നർ എന്ന പേര് ലഭിച്ചു . ഇംഗ്ലണ്ടിലെ രീതിയനുസരിച്ച് , ഞങ്ങളുടെ പേര് ലോപിച്ച് ക്രൂസോ എന്നായി . ഇപ്പോൾ ഞങ്ങൾ സ്വയം വിളിക്കു- ന്നതും എഴുതുന്നതും ക്രൂസോ എന്നാണ് . സുഹൃത്തുക്കൾ എന്നെ വിളിക്കുന്നതും അപ്രകാരം തന്നെ .

കുടുംബത്തിൽ മൂന്നാമത്തെ മകനായ ഞാൻ ഒരു ജോലിയിലും പ്രാവിണ്യം നേടിയിരുന്നില്ല . അതുകോണ്ട് പലതരത്തിലുള്ള വിചിത്ര ചിന്തകളും എന്റെ തലക്കുള്ളിൽ കടന്നുകൂടി ; ചിന്തകൾ കാടുകയറി എന്നു തന്നെ പറയാം . ഒരു നാവികനാകണമെന്ന ആഗ്ര- ഹം മസ്സിൽ വേരുന്നി ; മറ്റൊരു ജോലിയും എനിക്ക് സംതൃപ്തി നേടാനാവില്ല . അച്ഛന്റ ആഗ്രഹത്തിനോ കൽപ്പനക്കോ എതിരായിരുന്നു എന്റെ ജീവിതം..................................

*(റോബിൻസൺ ക്രൂസോ)*

# സഫലമീയാത്ര

ആർദ്രമീ  ധനുമാസ  രാവിലൊന്നിൽ
ആതിര  വരും  പോകുമല്ലെ  സഖീ ?ഞാനീ
ജനലഴി   പിടിച്ചൊട്ടു  നിൽക്കട്ടെ  ; നീയെ
ന്നണിയത്ത്തന്നെ  നിൽക്കു , ഇപ്പഴങ്ങു
ടൊരു  ചുമക്കടിയിടറിവീഴാം  .

വ്രണിതമാം  കണ്ഠത്തിലിന്നു  നോവിത്തിരി
ക്കുറവുണ്ട്   വളരെ  നാൾക്കൂടി
നേരിയ   നിലാവിന്റെ  പിന്നിലെയനന്തതയി -
ലലിയുമിരുൾ   നീലിമയിൽ ,
എന്നോ  പഴകിയൊരോർമ്മകൾ  മാതിരി  ,

നിന്നു  വിരക്കുമീയേകാന്തതാരകളെ
ഞാനൊട്ട് കാണട്ടെ ,  നീ  തൊട്ടുനിൽക്കു
ഓരോ  നിറം  കോണ്ട് നേരമളന്നും
ഓരോ  രവം  കൊണ്ട് രൂപമറിഞ്ഞു
ഒരു കരസ്പർശത്തി , ലൊരു    നേർത്ത  തേങ്ങലി -
ലിരവിൻ   വ്രണങ്ങളിൽ  കുളിര് ചുരത്തും

കുഴയുമീ  നാലുകളി , ലൊച്ചയുണ്ടാക്കാതെ -
യാതിരവരുന്നുവെന്നോ ,സഖീ ...  ?
ആതിരവരുന്നേരമൊരുമിച്ച് കൈകൾ  കോർ -
ത്തെതിരേൽക്കണം  നമുക്കിക്കുറി  ;  വരുംകൊല്ല -
മാരെന്നു  ,മെന്തെന്നു ,മാർക്കറിയാം .

എൻ .എൻ.കക്കാട്

# അമ്മ എന്ന സ്നേഹം

പച്ചിലക്കാട് എന്നൊരു ഗ്രാമം. ഗ്രാമത്തിൽ പാവപ്പെട്ടൊരു കൃഷികാരി ഉണ്ടായിരുന്നു. പേര് അമ്മിണി. അമ്മിണിയക്ക് മൂന്നു മക്കളായിരുന്നു. ഒരു പെണ്ണും രണ്ട് ആൺ മക്കളും . അച്ഛൻ കഴിഞ്ഞമാസം മരിച്ചു. ജീവിതത്തിൽ വളരെ പ്രതിസന്ധികൾ അനുഭവിച്ചാണ് അമ്മ അവരെ പഠിപ്പിച്ചത്. അവരെ ആ അമ്മ പഠിപ്പിച്ച് വലിയൊരു നിലയിലാക്കി. ജോലികളെല്ലാം ആയപ്പോൾ അവർ അമ്മ മറന്നു തുടങ്ങി. അവർ അമ്മ വൃദ്ധമന്ദിരത്തിലാക്കി. അപ്പോഴും അമ്മയുടെ നെഞ്ച് മക്കളെയോർത്ത് പിടയുകയായിരുന്നു. അമ്മയുടെ സ്നേഹം മനസ്സിലാക്കിയപ്പോഴേക്കും അമ്മ ഈ ലോകം വിട്ടിരുന്നു. അന്നു മുതൽ ആ മക്കൾ അമ്മയുടെ സ്നേഹം ഇല്ലാതെ നീറി നീറി ജീവിക്കുന്നു.

സൂന കെ.ഷിബു

# അറിവ്

വായന എന്ന അറിവിന്റെ വെളിച്ചം
തുറക്കൂ മനുഷ്യാ നിന്റെ മുമ്പിൽ
അറിവിന്റെ ലോകം നീ മറന്നാൽ
നിന്നെയും മറക്കുമീ അറിവിന്റെ ലോകം
പച്ചിലച്ചെടി തളിർത്തു നിൽക്കും പോലെ
നീയും ഈ അറിവിൽ തളിർക്കൂ.
ദുഷ്യ വഴികളിൽ പോകാതെ
വായന എന്ന അമ്മയുടെ മടിത്തട്ടിൽ
കിടന്നുറങ്ങൂ നീ.
വിദ്യാലയം എന്ന് പടികളിൽ കേറുമ്പോൾ
വായന എന്ന വാക്കു നീ ഓർക്കുക
അറിവിന്റെ ജലാശത്തിൽ നീന്തിതുടിക്കാം
വായന എന്ന നീലാകാശത്തിൽ
പറന്നു നടക്കാം അതാണ്
നമ്മുടെ അറിവിന്റെ വെളിച്ചം

*സില്ലു മോൾ വി. എസ്*

# ഗാന്ധിയൻ ആദർശങ്ങളുടെ ഇന്നത്തെ പ്രസക്തി

ഭാരതം എന്ന പേര് എവിടെയെല്ലാം ഉയർന്നുകേട്ടിട്ടുണ്ടോ അതൊടൊപ്പം ഗാന്ധിജിയെന്നപേരും ഉയർന്നിട്ടുണ്ട് നൂറ്റാണ്ടുകൾ ബ്രിട്ടന്റെ കോളനി വാഴ്ച്ചയിൽ മുരടിച്ചഭാരതം.സ്വാതന്ത്ര്യമന്ത്രമായി മാറിയ്ത് ഈ വ്യക്തിയുടെ പ്രഭാവത്താലാണെന്നത് നിസ്തർക്കമാണ് അതുക്കൊണ്ട്തന്നെ ഭാരതം എന്ന രാജ്യം നിലനിൽക്കുന്നിടത്തോളം ഈ നാമവാഴ്ച്ച നിലനിൽക്കും.

സ്വാതന്ത്ര്യത്തിനും നീതിക്കുമായി ജീവിതത്തിലും ലോകത്തിലുമുടനീളം സായുതസമരങ്ങളും ആക്രമണങ്ങളും നടമാടിയിരുന്ന ഒരു കാല്ത്ത് സമാധാനത്തിലൂടെ സ്വാതന്ത്ര്യമെന്ന ആദർശത്തിൽ ഉറച്ചുനിൽക്കുകയും ഈ ലക്ഷ്യത്തിലേക്ക് അഹിംസാ, സത്യം എന്നീ അഗോപമായ അയുധങ്ങൾ മാത്രം ഉപയോഗിക്കുകയും ചെയ്യുകയും ചെയ്യുകയും തന്ന പിൻതുടരുന്നവർക്ക് ധർമ്മത്തിന്റെ മാർഗ്ഗം മാത്രം തെളിച്ചുനിൽക്കുകയും ചെയ്യും ഗാന്ധിജി ധർമ്മത്തിലടിയുറച്ച പ്രവർത്തനങ്ങൾ ഗാന്ധിജിനടത്തിയത് മഹത്തായ ഇന്ത്യൻ പാരമ്പര്യത്തെ പ്രചോദനമുൾകൊണ്ടാണ്.**എന്റെ ജീവിതമാണ് എന്റെ സന്ദേശം** എന്ന് അസനിക്തമായി പ്രസ്താവിക്കാൻ ലോകചരിത്രത്തിൽ മറ്റേത് നേതാവാണ് ധൈര്യം കാണിച്ചിട്ടുള്ളത്?

സർവ്വചരാചരങ്ങളേയും ഒരേ കുടുംബത്തിലെ അംഗങ്ങളായി കാണാൻ ഗാന്ധിജിക്ക് കഴിഞ്ഞു. ഗുജറാത്തിലെ പോർബന്തറിൽ ഒരു ഉന്നതകാലത്തിൽപ്പെട്ട കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന് ജാതീയാമായി നിലനിന്നിരുന്ന അസമതങ്ങളെ അനുഭവിക്കേണ്ടി വരുന്നില്ല എങ്കിലും ആ

നൈനദ്ധ്യം ഉപേക്ഷിച്ച് കീഴ്ജാതിയിൽപ്പെട്ടവർക്ക് വേണ്ടിയും. മറ്റുജാതിയിൽപ്പെട്ടവർക്കുവേണ്ടിയും തന്റെ ജീവിതം ചെലവഴിച്ച എന്നതിൽ അദ്ദേഹത്തിന്റെ മഹത്ത്വം തെളിഞ്ഞുനിൽക്കുന്നു. ഏറെ കാലം കാത്തിരുന്ന തന്റെ പ്രയത്നത്താൽ സ്വാതന്ത്ര്യം കൈവന്നപ്പോൾ രാജ്യത്തിന്റെ ആഹ്ലാദപ്രകടനങ്ങളിലൊന്നും പങ്കെടുക്കാതെ നരകയാതനയനുഭവിച്ചിരുന്ന സഹോദരങ്ങളെ ആവസിപ്പിക്കാനായി രാജ്യത്ത് അലയുകയായിരുന്ന അദ്ദേഹം എന്നാൽ ആ ആ മഹാത്മാവിന്റെ ഈ വൈശിഷ്യ സ്വഭാവം ഇന്ത്യൻ ജനതയ്ക്ക് ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു എന്ന സത്യം അംഗീകരിക്കാനാവുന്നില്ല അദ്ദേഹത്തിന് തന്റെ അനുയായികൾക്കും നൽകാനുണ്ടായിരുന്ന പുസ്തകം അതിൽ ഒരു ഭാരതീയന് പഠിക്കാനുള്ളത് എല്ലാം ഉണ്ട്. അതിലുണ്ടല്ലോ ലോകത്ത് ഇത്രയേറേ പ്രശംസിക്കപ്പെട്ട വ്യക്തിത്വം വേറയില്ല. ബലിയെന്നാൽ എന്തെങ്കിലും യാഗമായി അർപ്പികാൻ വേണമെന്നിരിക്കെ തന്റെ ജീവിതം തന്നെ രാജ്യത്തിനായി ബലിയർപ്പിച്ച മഹാത്മാവാണ് അദ്ദേഹം സത്യാഗ്രഹം , നിരാഹാരം തുടങ്ങിയ സ്വയം വേദനിക്കുന്ന രീതികളാണല്ലോ അദ്ദേഹം പിന്തുടരുന്നത്.

അഹിംസ എന്ന വാക്ക് ലോകത്തിൽ ഇത്രയേറെ പ്രശസ്തമായത് അദ്ദേഹത്തിന്റെ പ്രവർത്തി പ്രഭാവത്താൽ തന്നെയാണ്. അത് എതിരാളികളെ പോലും മനം കവർന്നുവെന്നു കാണാം. എന്നാൽ ആധുനീക കാലത്ത് ഈ ധാർമ്മീക മൂല്യങ്ങളെല്ലാം കൈമോശം വന്നുപോയിരിക്കുന്നു. എന്നത് യാഥാർത്ഥ്യം മാത്രമാണ്. ജാതിയുടെ, മതത്തിന്റെ , നിറത്തിന്റെ താഴീയപ്പാർട്ടികളെല്ലാം അക്രമങ്ങളും കൊലപാതങ്ങളും നടക്കുന്ന ഈ കാലഘട്ടത്തിൽ ഗാന്ധിജി എന്ന യുഗപുരുഷന്റെ പ്രസക്തി അപ്രതീക്ഷമായി എന്ന് പറയാതെ വയ്യ.

അഭിരാമി

# എട്ടാമത്തെ മോതിരം

ദീർഘകാലം മാധ്യമപ്രവർത്തകനായിരുന്ന കെ. എം മത്യുവിന്റെ ആത്മകഥയാണ്. എട്ടാമത്തെ മോതിരം പ്രിയമാതാവിന്റെ ദീപ്തമായ സ്മരണ മക്കളിൽ നിലനിർത്തുന്നതിന് സ്മരണ മക്കളിൽ നിലനിർത്തുന്നതിന് പിതാവ് കെ. സി മാമ്മൻ  മാപ്പിള അവരുടെ ആഭരണങ്ങൾ ഉരുക്കി എട്ടു മക്കൾക്കും. മോതിരങ്ങൾ പണിയിച്ചു നൽകി . കെ. എം മാത്യുവിന്റെ വർഷങ്ങൾ നീണ്ടുനിന്ന അനുഭവസമ്പത്തിന്റെ സൂക്ഷ്മതലങ്ങൾ ഈ ആത്മകഥയിലൂടെ അനാവരണം ചെയ്യുന്നു.



ജീവിതത്തിൽ ഞാൻ വരുത്തിയ ചില ഭരണപരിഷ്കാരങ്ങളെക്കുറിച്ചു പറയാം . അതിലെ ഏറ്റവും പ്രധാനം ഈ വീട്ടിലെ സബായികളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കിയതാണ്. അന്നമ്മയുള്ള കാലത്ത് വീട്ടിലെ സഹായികളുമായി അങ്ങനെയൊരു ബന്ധം ഞാൻ പുലർത്തിയിരുന്നില്ല. അതിന്റെ ആവശ്യം അന്നു തോന്നിയിരുന്നുമില്ല. സമയത്ത് തീൻമേശയിൽ പോയിരുന്നു

ഭക്ഷണം കഴിക്കുക,ആ നേരത്ത് അവരോട് എന്തെങ്കിലും ചോദിച്ചാലായി, അത്രതന്നെ. അവരോട് അന്നമ്മ കാണിച്ച ഹൃദയബന്ധം അത്രയ്ക്കും ആഴമുള്ളതായതുകൊണ്ട് ഇനി എന്റ കൂടി ആവശ്യമില്ല എന്നെനിക്കു തോന്നിക്കാണണം ഇക്കാര്യത്തൽ വേണ്ട ശ്രദ്ധ നൽകാതിരുന്നതിന് എന്റെ ജോലിത്തിരക്കും കാരണമാണ്. ഞങ്ങളുമായി ബന്ധപ്പെട്ട സബായികളുടെ വളരെ വ്യക്തിപരമായ കാര്യങ്ങളിൽ കൂടി അന്നമ്മയുടെ സ്നേഹവുംകരുതലും നിറഞ്ഞ ഇടപെടലുകൾ ഉണ്ടയിരുന്നു. അന്നമ്മയുടെ പ്രാർഥനകൾക്കിടയിലായി - രുന്നു ഈ സ്നേഹവും കരുതലും അക്ഷരാർഥത്തിൽ പുറത്തുവന്നിരുന്നത്.

തയ്യാറാക്കിയത് അൻസിയ പി.ബി.

# കീറിപ്പൊളിഞ്ഞ ചകലാസ്

യാതൊരു മുന്നറിയിപ്പും കൂടാതെ അയാളന്ന ഉൾനാട്ടിലുള്ള തന്റെ വീടിന്റെ പടിക്കൽ സർക്കാർവക ജീപ്പിൽ വന്നിറങ്ങിയപ്പോൾ ഉമ്മറത്ത് ഒരു ചാരുകസേരമേൽ കിടക്കുകയായിരുന്ന അമ്മ എഴുന്നേൽക്കുവാൻ ഒരു ശ്രമം നടത്തി.

കമലം ആരാ വന്നിരിക്കണ്? അവർ ചോദിച്ചു ആരാ കാറില് വന്നിരിക്ക്ണ്?

വിധവയായി മൂത്ത മകൾ ഒരു തോർത്തു മുണ്ടുകൊണ്ട് തലയും ചെവിയും മൂടി ഉമ്മറത്തിണ്ണമേൽ ചൂളിപ്പിടിച്ചിരിക്കുകയായിരുന്നു. അവർ മനമില്ലാമനസ്സോടെ എഴുന്നേറ്റ് വാതിൽക്കൽചെന്ന്, പുറത്തെ ഇരുട്ടിലേക്ക് കണ്ണിറുക്കിക്കൊണ്ട് നോക്കി.

തടിയനും കഷണ്ടിത്തലയനുമായ ഒരു മധ്യവയസ്കൻ പടികടന്നു വരുകയായിരുന്നു.

ആര് ? ഗോപിയോ? അവർ അയാളെ തന്റെ പരുക്കൻ സ്വരത്തിൽ വിളിച്ചു ചോദിച്ചു. എന്താ ഇങ്ങനെ ആരേം അറീക്കാണ്ടെ ഒരു വരവ്?

ആരാ കമലം ? അമ്മ ചോദിച്ചു. ഇത് ഞാനാണ് അമ്മേ ഗോപി - അയാൾ പറഞ്ഞു തിരുവനന്തപുരത്ത് ഒരു മീറ്റിങ്ങുണ്ടായിരുന്നു. അതിനു

വന്നതാണ്.

ആരാ കമലം ? ആരാ വന്നിരിക്കണ്? അമ്മ പരിഭ്രമത്തോടെ ചോദിച്ചു. അമ്മ എന്തിനാ ഇങ്ങനെ പേടിക്കണ്- ജ്യേഷ്ഠത്തി ചോദിച്ചു. അമ്മയ്ക്ക് ഗോപിയെ ഓർമ്മല്യാന്നുണ്ടോ അയാൾ അമ്മയുടെ നേർക്കു കുനിഞ്ഞ് തന്റെ മുഖം അവരുടെ ചുക്കിച്ചുളിഞ്ഞ കവിളുകളോടടുപ്പിച്ചു അമ്മേ ഇത് ഞാനാണ് ഗോപി - അയാൾ പറഞ്ഞു ഗോപിയോ? എന്താ കമലം ഈ കേക്കണ്. അവന്റെ സ്കൂള് പൂട്ടിയോ? അമ്മ ചോദിച്ചു. അമ്മയ്ക്ക് ഈയിടെയായിട്ട് ഇങ്ങനെയാണ് ജ്യേഷ്ഠത്തി പറഞ്ഞു. ചെലപ്പൊ യാതൊരു ഓർമ്മേല്യ.ചെലപ്പോൾ നല്ല ഓർമ്മയാണ്. അപ്പൊ ചോദിക്കും ഗോപീടെ കത്ത് വന്നോ എന്ന്. അപ്പൊ ഞാൻ പറേം, വന്നു, വന്നു. ഗോപിക്കും വിമലയ്ക്കും കുട്ട്യോൾക്കും ഒക്കെ സുഖമാണെന്ന്. ഒരു കൊല്ലമായി കത്തു വന്നിട്ട് എന്ന് എന്തിനാ പറേണ്? അമ്മയെ വെസനിപ്പിട്ടിച്ച് എന്താ കാര്യം ?

**കഴിഞ്ഞ കൊല്ലം എനിക്ക് ഉദ്യോഗക്കയറ്റം കിട്ടി. അതിനുശേഷം എനിക്ക് എല്ലായ്പ്പോഴും പണിത്തിരക്കാണ് സർക്കീട്ടിനും പോണം. കത്തെഴുതാൻ സമയം ഇല്ലാ.**

**മാധവിക്കുട്ടി.**

# വിഭജനങ്ങൾ

1999 -ലെ വസന്തത്തിനു മുമ്പിലായി , ഒരു സുഹൃത്ത് , ത്രിദീപ സുഹൃദിന്റെ ക്ഷണമനുസരിച്ച് ഞാൻ വഡോഗരയിൽ പോയി . അയാൾ ആദിവാസികളുടെ , വിശേഷിച്ചും നാടോടികളായ ആദിവാസികളിടേത് . അവരുടെ ക്ഷേമത്തിന് വേണ്ടി ഒരു സ്ഥാപനം നടത്തുണ്ടായിരുന്നു . അവിടത്തെ യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് വിഭാഗത്തിൽ പ്രൊഫസറാ- യിരുന്നു സുഹൃദ് ;സാഹിത്യവൃത്തങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെട്ട
ഭാഷാസംബന്ധമായ രണ്ടു മൂന്ന് ഗ്രന്ധങ്ങളുടെ കർത്താവും . ഏതോ സമയത്ത് അയാൾ അതെല്ലാം വിട്ട് നാടോടി വിഭാഗങ്ങളുടെ പ്രശ്നങ്ങളിലേക്ക് എടുത്തുചാടി . സ്വന്തം പ്രയത്നങ്ങളും മുഴുവൻ സമയവും അതിലേക്ക് തിരിച്ചുവിട്ടു . സ്വന്തം വീട് അതിന്റെ കാര്യലമാക്കി . വേറൊരു വീട്ടിലേക്ക് മാറി . മൂന്നാലു വർഷത്തെ പരിചയവും സൗഹൃദവും ഞ-
ങ്ങൾക്കിടയിലുണ്ടായിരുന്നു . അയാളുടെ പ്രവർത്തി സ്ഥലങ്ങൾ സന്ദർഷിക്കുവാൻ കാണുമ്പോളൊക്കെ ക്ഷണിക്കാറുണ്ടായിരുന്നു . വാസ്-തവത്തിൽ എന്റെയും ആവശ്യമായിരുന്നു . സ്ഥിരവാസികളുടേതായ സംസ്കാരങ്ങൾ ഏറെയും വളർന്ന് വികാസം പ്രാപിച്ചിട്ടും , കൃഷിയും വ്യവസ്ഥയുമൊക്കെ വർഗ്ഗസമരത്തിലും വിപ്ലവങ്ങളിലും എത്തിച്ചെന്നിട്ടും , എണ്ണത്തിൽ ചെറുതല്ലാത്ത ഒരു മനുഷ്യവിഭാഗം ഇപ്പോഴും നാടോടികളാ-ജീനിക്കുന്നുവെന്നത് വിശദീകരണം കിട്ടാത്ത ഒരു അത്ഭുതമായിരുന്നു എനിക്ക് . പ്രൊഫസർക്കും അതിന് ഉത്തരം കഴിഞ്ഞിട്ടില്ലായിരുന്നു . വന്നുകാണു ചിലപ്പോൾ വല്ലതും മനസ്സിലായി എന്നു വരും , അയാൾ പറയും . അങ്ങനെയുള്ള വൻപ്രതീക്ഷകളൊന്നും ഇല്ലായിരുന്നുവെങ്കിലും

പോകാൻ എനിക്ക കൗതുകം ഉണ്ടായി . സന്ദർഭം ഉണ്ടായത് അപ്പോഴാണ് പുതിയ നൂറ്റാണ്ടിനേയും സഹസ്രാബ്ദത്തേയും സ്വാഗതം ചെയ്യുന്ന വർഷ-മായാണ് 1999 തുടക്കംമുതലെ അടയാളപ്പെടുത്തപ്പെട്ടിരുന്നത് . ഇന്ത്യയെ സംബന്ധിച്ചിടത്തോളമാകട്ടെ , പടിപടിയായി , ഒരു ഭീകരസ്വപ്നം പോലെയാണ് അത് ചുരുളഴിഞ്ഞത്. പക്ഷെ ആ മാസങ്ങളിലെല്ലാം സു-ന്ദരംതന്നെയായിരുന്നു . വിടവാങ്ങാൻ മടിക്കുന്ന ശൈത്യത്തിന്റെ കുളിരും , തിരക്കുകൂട്ടുന്ന വസന്തത്തിന്റെ പൂക്കളും , തോട്ടങ്ങളുമൊക്കെ ...............

നന്നായി പുലരുന്നതിന് മുമ്പ് എത്തിയ വണ്ടിയിൽ നിന്നി-റങ്ങിയപ്പോൾ വഡോദരസ്റ്റേഷനിൽ അധികമാളുകൾ ഉണ്ടായിരുന്നില്ല . തിരക്കിന്റെകുറവ് പ്ലാറ്റ്ഫോമുകളേയും സ്റ്റേഷൻ കെട്ടിടത്തേയും എന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു . രണ്ടുവർഷം നീണ്ടുനിന്ന ഒരു താമസത്തിന് ശേഷം വഡോദര ഞാൻ വിട്ടിട്ട് മുപ്പത്തിയേഴു കൊല്ലം കഴിഞ്ഞിരുന്നു . അതും പ്രക്ഷുബ്ധമായ ഒരു വർഷമായിരുന്നു .

(വിഭജനങ്ങൾ - ആനന്ദ് )

# കുഞ്ഞുണ്ണി

ഞായപ്പിള്ളി ഇല്ലത്ത് നീലകണ്ഠൻ മൂസ്സതിന്റെയും അതിയാരത്ത് നാരായണി അമ്മയുടേയും മകനായി 1927 മേയ് 10 ന് കുഞ്ഞുണ്ണി ജനിച്ചു. മലയാള വിദ്യാൻ പാസ്സായി . അധ്യാപകപരിശീലനം നേടി. ചേളാരി ഹൈസ്കൂളിലും അധ്യാപകനായിരുന്ന അദ്ദേഹം കുറേക്കാലം രാമകൃഷ്ണാമിഷൻ അന്തേവാസിയായി കഴിഞ്ഞുവന്നു.

ഒട്ടേറെ കുട്ടികവിതകളും നർമഹോധം തുളുമ്പുന്ന ലഘുകവിതകളും കുഞ്ഞുണ്ണിമാഷ് രചിച്ചിട്ടുണ്ട്. കുട്ടികൾക്കുള്ളതാണ് ഇദ്ദേഹത്തിന്റെ മിക്ക കൃതികളും .

അക്ഷരത്തെറ്റ്, അമൃതകഥകൾ ഊണുതൊട്ട് ഉറക്കം വരെ കുഞ്ഞുണ്ണിയുടെ കവിതകൾ, വിത്തും മുത്തും, കുറ്റിപ്പെൻസിൽ , നോൺസെൻസ് കവിതകൾ, ചെറിയ കുട്ടി കവിതകൾ, വലിയ കുട്ടികവിതകൾ , കുഞ്ഞുണ്ണിക്കവിതകൾ, കുറും കവിതകൾ , രാഷ്ട്രീയം എന്നിവക്ക് പുറമെ കടംകഥകൾ, പഴഞ്ചൊല്ലുകൾ , നമ്പൂതിരി ഫലിതങ്ങൾ എന്നിവയുടെ സമാഹരണവും കൃതികളായുണ്ട്.

അക്ഷരത്തെറ്റിനും കുഞ്ഞുണ്ണിക്കവിതകൾക്കും കേരളസാഹിത്യഅക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

തയ്യാറാക്കിയത് : ആഷിൻ കൊറിയ

# മാധവിക്കുട്ടി (കമലാസുരയ്യ)

## -(1934-2009)

*തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും ഒരു പോലെ പ്രശസ്തയായ എഴുത്തുകാരി. മലയാളത്തിൽ മാധവിക്കുട്ടി എന്ന പേരിലും ഇംഗ്ലീഷിൽ കമലാദാസ് എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയരിുന്നത്. വയലാർ അവാർഡ് എഴുത്തച്ഛൻ പുരസ്കാരം , കേരളറ സാഹിത്യ അക്കാദമി പുരസ്കാരം , ഏഷ്യൻ വേൾഡ് പ്രൈസ്, ഏഷ്യൻ , പൊയട്രി , കെന്റ് അവാർഡ് എന്നിവ ലഭിച്ചു.*

*കടൽ മയൂരം, ഭയം എന്റെ നിശാവസ്ത്രം എന്റെ സ്നേഹിത അരുണ, ചുവന്ന പാവാട, പക്ഷിയുടെ മണം, തണുപ്പ് മാനസി. എന്റെ കഥ,ബാല്യകാലസ്മരണകൾ, വർഷങ്ങൾക്കു മുൻപ്, ഡയറിക്കുറുപ്പുകൾ , നീർമാതളം പൂത്ത കാലം, നഷ്ടപ്പെട്ട നീലാംബരി, ചന്ദനമരങ്ങൾ, മനോമി, വീണ്ടും ചില കഥകൾ , ഒറ്റയടിപ്പാത, യാ അല്ലാഹ്, കവാടം (സുലോചനയുമൊത്ത്) , വണ്ടിക്കാളകൾ , കൽക്കട്ടയിലെ വേനൽ (Summer in Calcutta), കാമത്തിന്റെ അക്ഷരങ്ങൾ (Alphabet Of The Lust ), പിതൃപരമ്പര (The Descendance ), പഴയ കളിവീടും മറ്റു കവിതകളും (Old Play House And Other Poems), തിരഞ്ഞെടുത്ത കവിതകൾ ( Collected Poems), എങ്ങനെ പാടണമെന്ന് ആത്മാവിനേ അറിയൂ (Only The Soul Knows How To Sing), ചൂളം വിളികൾ (The Sirens) എന്നിവയാണ് പ്രധാന കൃതികൾ .*

# എൻ . പി. മുഹമ്മദ് -(1928-2003)

കോഴിക്കോട് ഇടിയങ്ങരയിൽ ജനനം.സ്വാതന്ത്ര്യസമരസേനാനി എൻ. പി അബുവിന്റെ പുത്രൻ .പത്രപ്രവ്രത്തകനും എഴുകത്തുകാരനും. മരം, ഹിരണ്യകശിപു. എണ്ണപ്പാടം, ദൈവത്തിന്റെ കണ്ണ് (നോവലുകൾ ) നല്ലവരുടെ ലോകം. തൊപ്പിയും തട്ടവും പ്രസിഡന്റിന്റെ ആദ്യത്തെ മരണം ലൗ ഇൻ കുണ്ടുങ്ങൾ (ചെറുകഥകൾ ) പുകക്കുഴലും സരസ്വതിയും വീരരസം സി. വി കൃതികളിൽ ( നിരൂപണം) എണ്ണപ്പാടത്തിന് കേരള സാബികത്യ അക്കാദമി അവാർഡും ദൈവത്തിന്റെ കണ്ണിന് കേന്ദ്ര സാബിത്യ. അക്കാദമി അവാർഡും ലഭിച്ചു.

തയ്യാറാക്കിയത് : മുഹമ്മദ് ബാസിൽ

# വരവിളി

തൊണ്ട പൊളിയുന്ന നിലവിളികൾ കൊണ്ടാണ് മനസ്സിന്റെ കഠിനമായ അശാന്തിയുടെ മനുഷ്യൻ വിവർത്തനം ചെയ്യുന്നത്. ചാരി നിൽക്കാൻ നിലവിളിയുടെ താങ്ങുപോലുമില്ലാത്തവരെ ഭ്രാന്തെടുക്കുകയോ കടലെടുക്കുകയോ ചെയ്യുന്നു. ഇപ്രകാരമൊരു സന്ദിഗ്ദ്ധതയെ കവികൾ രചനകൊണ്ടാണ് മറികടക്കുന്നത്.

ഓർത്താൽ രസമുണ്ട്. ഉന്മാദത്തെ വെല്ലാൻ ഉന്മാദത്തിന്റെ സർപ്പത്തെത്തന്നെ കഴുത്തിലണിയുക !മുള്ളാൽ മുള്ളെടുക്കുക

ലോറൻസിന്റെ തിരോധാനത്തിനുശേഷം ഞാനൊരു വിഷമ- വൃത്തത്തിലായി. സുഹൃത്തിന്റെ നഷ്ടത്തെക്കാൾ അയലത്ത് ജീവിച്ചിരിക്കുന്ന അവന്റെ അമ്മയുടെ സ്ഥിതിയാണ് കൂടുതൽ ഉലച്ചുകളഞ്ഞത്. മകൻ ചെറു- തായിരിക്കുമ്പോഴേ ഭർത്താവ് മരണപ്പെട്ടിരുന്നു ആകെയുള്ള ആൺതരിയെ കഷ്ടപ്പെട്ട് വളർത്തി വലുതാക്കി.

ഒരു വെള്ളിയാഴ്ചയാണ് ലോറൻസിനെ കാണാതായത്. പതിവുപോലെ മരക്കാപ്പിലേക്കെന്നും പറഞ്ഞ് സൂര്യന്റെ ഉദിപ്പിലേക്ക് ഇറങ്ങിപ്പോയതാണ്. രാത്രി കടയടയ്ക്കാൻ ഒരുങ്ങുമ്പോഴുണ്ട് അച്ചാമ്മയുടെ പരിഭ്രമത്തെ ഇരമ്പിച്ചും പുക ചീറ്റിച്ചും ഒരു ഓട്ടോറിക്ഷ മുന്നിലെത്തിക്കുന്നു. ലോറൻസ് വന്നിട്ടില്ല. ഞാൻ സമാധാനിപ്പിച്ചു:എവിടെയെങ്കിലും ചുറ്റിത്തിരിയുന്നുണ്ടാകും.

പിറ്റേന്ന് വൈകുന്നേരംവരെ അച്ചാമ്മ ക്ഷമിച്ചിരുന്നുഅന്തിയായപ്പോൾ . അവർ കടയിൽ വന്നിരുന്ന് ഒച്ചയില്ലാതെ കരയുവാൻ ആരംഭിച്ചു.അച്ചാമ്മയെ കൂട്ടി

ഞാൻ പോലീസ് സ്റ്റേഷനിലെത്തി, പരാതി കൊടുപ്പിച്ചു.ലോറൻസിന്റെ കാര്യമാണെന്നറിഞ്ഞപ്പോൾ സർക്കിൾ ഞങ്ങളെ ചാടിക്കടിക്കാൻ വന്നു.

ആജന്മകാലത്ത് അച്ചാമ്മ ഏറെ വ്യസനിച്ചത് ആനിമിഷങ്ങളി ലാണെന്ന് എനിക്ക് മനസ്സിലായി.രാജ്യദ്രോഹിയെന്ന വിശേഷണംകൂടി ഓർക്കാപ്പുറത്ത് മകന് ചാർത്തിക്കിട്ടിപ്പോൾ ഇല്ലിമുൾത്തണ്ടിൽ കൊളുത്തി

വലിച്ചതുപ്പോലെ അവരുടെ ഹൃദയം നൊന്താളി.ലോകക്ഷേമത്തിനല്ലേ മകന്റെ പുറപ്പാടുകൾ എന്ന് സമാധാനിച്ചതെല്ലാം പാഴിലായോ ദൈവമേ !

സ്ഥലകാലമെല്ലാം മറന്ന് റോഡിൽ കുത്തിയിരുന്ന് അച്ചാമ്മ വിങ്ങിവിങ്ങിക്കരഞ്ഞു. ശരീരത്തെ വിറപ്പിക്കുന്ന ഓരോ തേങ്ങലും അവരുടെ ഗർഭപാത്രത്തിൽനിന്നാണെന്ന് എനിക്ക് തോന്നി. വികൃതമായിത്തീർന്ന ഒച്ചയിൽ എന്റെ കൈകൾ കവർന്ന് ചോദിച്ചു.

“എന്റെ മോൻ രാജ്യദ്രോഹിയാണോ മോനേ ?”

കമ്പല്ലൂർകോട്ടയെയും കോട്ടയുടെ ഇരുപാർശ്വങ്ങളിലൂടെ നീളുന്ന മരക്കാപ്പ് കടപ്പുറത്തെയും കേന്ദ്രീകരിച്ച് നടപ്പിലാക്കുവാൻ തുടങ്ങിയ ടൂറിസം കോർപ്പറേഷ-ന്റെ ബൃഹദ്പദ്ധതിയുടെ വരുംവരായ്കളെ സ്ഥലവാസികളെ ബോദ്ധ്യപ്പെടുത്തു-വാൻ ഒറ്റയാൾപട്ടാളംപോലെ മിക്ക ദിവസങ്ങളിലും പ്രഭാതത്തിൽ ലോറൻസ് യാത്ര പുറപ്പെട്ടു. സന്ധ്യയോടെ തിരിച്ച് തളർന്നെത്തും. പലയിടങ്ങളിൽനിന്നും ഭീഷണിയുണ്ടെന്ന് അവൻ സൂചിപ്പിച്ചിട്ടുണ്ട് . ഒരു ജോലിയോ നാല് കാശോ

ഉണ്ടാക്കാനുള്ള ശ്രമംപോലും നടത്താതെ രാപകലില്ലാതെയുള്ള ലോറൻസിന്റെ അലച്ചിൽ ഒരു മനോരോഗമായിട്ടാണ് പരിചിതരൊക്കെ കണ്ടിരുന്നത് . അച്ചാ-മ്മമാത്രം മകൻ യേശുവിനെപോലെ ഏതോ മഹനീയ ശ്രമങ്ങളിലാണെന്ന് ധരിച്ചു .

ഒഴിവുനേരം ഉണ്ടാകുമ്പോൾ ലോറൻസ് വന്ന് കടയിലിരിക്കും. അധികം സംസാരമില്ല. ഗാഢമായ ഓരോ ആലോചനകളിൽ അങ്ങനെ വിങ്ങിയിരിക്കും. തിരക്കുള്ള നേരത്ത് മരുന്ന് പൊതിഞ്ഞുക്കൊടുക്കാൻ സഹായിക്കും. ആവശ്യം വരുമ്പോൾ ചില്ലറ*ചോദിക്കാനും മടിക്കില്ല. 'ചുറ്റിത്തിരിയൽ നിർത്തി ഈ മരുന്നുകടേല് സ്ഥിരായി നിക്ക്' എന്ന് ഞനൊരിക്കൽ ഉപദേശിക്കുകയുണ്ടായി. വിചിത്രമായ ഒരു ചിരിയോടെ ലോറൻസ് അന്നേരം പറഞ്ഞത് താനും ഒരു മരുന്നുകട നടത്തുകയാണ് എന്നാണ്. ഭൂമിയോളം വലിയ മരുന്നുകട. വേണമെ-
ങ്കിൽ അങ്ങോട്ട് ചെന്നാൽ എനിക്ക് പണി തരാം എന്നാണ്.

പഠനം കഴിഞ്ഞതോടെ - ഞങ്ങൾ ഒന്നിച്ചാണ് സാഹിത്യത്തിൽ ബിരുദം എടുത്തത് - അവന്റെ താത്പര്യം ലോകകാര്യങ്ങളിലേക്ക് തെന്നിപ്പോവുകയായി-രുന്നു. ജീവിതത്തിലെ ഏത് അനുഭവമാണ്, അല്ലെങ്കിൽ ഏതു പുസ്തകമാണ് ലോറൻസിനെ ഇങ്ങനെ മാറ്റിമറിച്ചതെന്ന് ഓർമ്മിച്ചെടുക്കാനാകുന്നില്ല. ' ഒറ്റ വൈക്കോൽ വിപ്ലവം ' എന്ന ഒരു പുസ്തകം വേദഗ്രന്ഥംപോലെ ഡിഗ്രിക്കാലത്ത് അവൻ കൊണ്ടുനടന്നിരുന്നു. പക്ഷേ, പരിസ്ഥിതിയെക്കുറിച്ചുള്ള വേവലാതികളൊ-

ന്നും അന്ന് പ്രകടിപ്പിച്ചതായി ഓർക്കുന്നില്ല. നല്ല മാർക്കുണ്ടായിട്ടും ബിരുദാനന്തര-ത്തിന് പോകാതെ വട്ടംചുറ്റുന്നത് കണ്ടപ്പോഴാണ് അവനെ ബാധിച്ച ' രോഗം ' എനിക്ക് പിടികിട്ടിയത്. സ്വന്തംഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകളൊന്നും അവ-നെ ഏശിയില്ല.എപ്പോഴും ഭൂമിവിചാരങ്ങൾതന്നെ. വല്ലപ്പോഴുമുള്ള ഞങ്ങളുടെ മരുന്നുകട ചർച്ച, അതുകൊണ്ടുതന്നെ എന്നും അവസാനിച്ചിരുന്നത് മണ്ണിനെ-ക്കുറിച്ചും ജലത്തെക്കുറിച്ചും വായുവിനെക്കുറിച്ചുമുള്ള ലോറൻസിന്റെ ഓരോ ഉത്കണ്ഠകളിലാണ്.

നാലാം ദിവസം പുലർച്ചെയാണ് കമ്പല്ലൂർ കോട്ടയുടെ തീരത്ത് ലോറൻസിന്റെ ശരീരം അടിഞ്ഞ് പൊന്തിയത്. കോട്ടയിലോ കടൽത്തീരത്തോ നിൽക്കാൻ കഴിയാത്തവിധം ദുർഗന്ധം പരന്നിരുന്നു. ചീഞ്ഞഴുകിയ ശരീരത്തെ ഇളംചുവപ്പ് നിറമുള്ള പതിനായിരക്കണക്കിന് കുതിരഞണ്ടുകൾ കാർന്ന് തിന്നുന്നുണ്ടായിരുന്നു. ശരീരത്തിൽ അവശേഷിച്ചിരുന്ന ഉടുപ്പിന്റെ ഒരു തുണ്ടിൽ നിന്നും ലോറൻസിന്റെ മരണത്തെ ആദ്യം സ്ഥിരീകരിച്ച നിർഭാഗ്യവാനും ഞാനാണ്.

ഒരു തുറിച്ചുനോട്ടം മാത്രമായി അച്ചാമ്മ ശേഷിച്ചു. ഇരുത്തിയാൽ ഇരുത്തി-യേടത്ത്. നിന്നാൽ നിന്നേടത്ത്. ഏകാശ്രയത്തിന്റെ പിടിവള്ളി നഷ്ടപ്പെട്ടതോടെ ഭൂതഭാവികൾ മാത്രമല്ല, വർത്തമാനംകൂടി അവരിൽനിന്നും ഊർന്നുപോയി. വാസ്തവത്തിൽ ആ തുറിച്ചുനോട്ടത്തിൽനിന്നും രക്ഷപ്പെടാനാണ് ഞാനാദ്യമായി മരക്കാപ്പ് കടപ്പുറത്ത് എത്തിച്ചേർന്നത്. കമ്പല്ലൂർ കോട്ട മൂന്നാല് തവണ സന്ദ-

ർശിച്ചിട്ടുണ്ടെങ്കിലും കോട്ടയോട് ചേർന്നുകിടക്കുന്ന മരക്കാപ്പ് കടപ്പുറത്തേക്കോ അവിടത്തെ കന്മഷമേശാത്ത ജീവിതത്തിലേക്കോ, പലതവണ ലോറൻസ് നിർബ്ബന്ധിച്ചിട്ടും എനിക്ക് പോകാനൊത്തിരുന്നില്ല.

അച്ചാമ്മയുടെ കനൽക്കണ്ണുകളിൽനിന്നും മോചനം നേടാൻ കമ്പല്ലൂരിലെത്തിയ ഞാൻ,നിറപറയിൽ രണ്ട് കമുകിൻപൂക്കുലകൾ വെച്ചതുപോലെ, കുറ്റൻ കോട്ടയുടെ ഇരുപാർശ്വങ്ങളിലേക്കും നീളുന്ന വെണ്മണൽതീരങ്ങളിൽ വിളയുന്ന സൗന്ദ്യധൂർത്തിൽ മുങ്ങിയും ഗ്രാമീണരുടെ നിഷ്കളങ്കമായ പെരുമാറ്റങ്ങളിൽ പൊങ്ങിയും മീൻകോരുന്ന ദൃശ്യങ്ങളിൽ സന്തോഷിച്ചും മദ്ധ്യനായി നടന്നു. എല്ലാം മറന്നുള്ള ആ നടപ്പ്, പക്ഷേ, അധികം നീണ്ടില്ല. രണ്ടുമൂന്ന് വർഷക്കാലം

മരക്കാപ്പ് കടപ്പുറത്ത് ലോറൻസ് എന്തു ചെയ്യുകയായിരുന്നു,അവൻ മരണത്തിൽ കലാശിച്ചതെന്ത് ? എങ്ങനെ? തുടങ്ങിയ പരുക്കൻ ഉദ്വേഗങ്ങൾ എന്റെ കാല്പനികബോധത്തെ ഉടച്ചുകളയുകയും വീണ്ടും വീണ്ടും അങ്ങോട്ട് ബസ്സുകയറാൻ

പ്രേരിപ്പിക്കുകയും ചെയ്തു.

ലോറൻസിന്റെ സുഹൃത്താണെന്നുള്ള വിവരം ഞാൻ വെളിപ്പെടുത്തി-

യതേയില്ല. സാഹസക്കുഴികളിൽ ചെന്ന് ഞാൻ ചീടാറില്ല. ലോറൻസിന്റെ അനുഭവവും എന്റെ മുന്നിലുണ്ടല്ലോ. മുക്കുവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അന്വേഷിച്ചറിയുന്നതിനിടയിൽ സംഭാഷണങ്ങൾ ഞാൻ പരിസ്ഥിതിപ്രശ്ന്ങ്ങളും

ലോറൻസിലേക്കുമൊക്കെ വഴതെറ്റിച്ചിരുന്നു. ആശ്ചര്യജനകമായ പലേ വിവരങ്ങ-എനിക്ക് ലഭിച്ചു.

അംബികാസുതൻ മാങ്ങാട്

# നാലിതൾപ്പൂവ്

*കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി*
*മുറ്റത്തു നട്ടുനനച്ചിരുന്നു.*
*പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ*
*മുറ്റി വളർന്നതു മൊട്ടണിഞ്ഞു.*

*ആരുമറിഞ്ഞതില്ലക്കുരുമൊട്ടിലുൾ-*
*ച്ചേരുന്ന ചാരുരഹസ്യമൊന്നും.*
*ഉച്ചിക്കുടുമയും പാറിച്ചുനിൽക്കുന്ന*
*കൊച്ചനെന്താവുമെന്നാർ ഗണിക്കും?*

*കുട്ടനു മാത്രമുണ്ടെന്തോ ചിലതിങ്ങു*
*പൊട്ടിവീണേക്കുമെന്നുള്ള ഭാവം,*
*പേടിയും ഹർഷവുമിത്തിരി ധാർഷ്ട്യവും*
*കൂടിക്കലർന്നോരിടയിളക്കം.*

*ആദ്യത്തെ മൊട്ടിന്നു ചുണ്ടുചോന്നി,ല്ലവ-*
*ന്നായിരും പൂക്കൾ വിരിഞ്ഞിതുള്ളിൽ,*

ആയിരം പൂക്കാലമൊപ്പവൊന്നു കൺമിഴിക്കെ.

കമ്പം പിടിച്ചൊരു പൂമ്പലരിക്കെന്തൊ-
രിമ്പമാ മുറ്റത്തു നൃത്തമാടാൻ!
അമ്പിളിക്കീറിന്നു പോകുവാനുണ്ടഴ-
ലംബരത്തിണ്ണയിൽപറ്റിനിന്നു.

ആർപ്പും വിളിയുമായെത്തീ കളകള-
മാകാശത്തഞ്ചിതഗീതകങ്ങൾ
കൊഞ്ചിക്കുഴഞ്ഞിതാ തപ്പുകൊട്ടും കുനു-
പൂഞ്ചിറകേലുവോർ നാലുപാട്ടും.
കുട്ടനാ മുറ്റത്തിളംവെയിൽത്തന്നെ
പൊട്ടിത്തരിച്ചു കുളിർത്തുനിന്നു.
മൂത്തവരാരാനുമാവഴി ചെല്ലുകിൽ
മറ്റൊരു പൂവെന്നേ സങ്കൽപ്പിയ്ക്കൂ.

ആ മലർത്തൊത്തിലെക്കാന്തിപ്രവാഹത്തെ,
ആ മുഗ്ധസൗന്ദര്യമാധുരിയെ,
അത്തുടുത്തോരിതൾച്ചാർത്തിൻ പതുപ്പിനെ,
ആയിളം മഞ്ഞയാമല്ലികളെ,
ഓരോന്നുമോരോന്നും പേർത്തവനാസ്വദി-
ച്ചാനന്ദമൂർച്ഛയിലാണ്ടുനിൽക്കെ,
ആ വഴി പോന്നവന്നെ്തതിനാരുത്സാഹം
തേവിത്തുളുമ്പും കിടാങ്ങളേറെ.

പൊന്നിൻ തളികപോലെത്തുടുവെയ്യുത്തു
മിന്നിത്തിളങ്ങും മനോജ്ഞതയെ
കാണുമോ വാഴ്ത്തുമ്പോൾ തൽഗുണ-
ശ്രേണിയിൽ വല്ലതും വിട്ടുപോമോ?

*വിട്ടുപോയീലൊന്നുമക്കുട്ടർ കണ്ടെത്തി,*
*കുറ്റപ്പെടുത്തേണ്ടും കോപ്പുകൂടി,*
*' പൂ നന്ന്" - നന്നെന്ന രണ്ടക്ഷരങ്ങളിൽ-*
*ത്താനൊതുങ്ങീടാഗ്ഗുണങ്ങളെന്തേ?-*

*സൗന്ദര്യബോധമോ, ശില്പസാമർത്ഥ്യമോ,*
*മന്ദേതരശ്രമശാലിതയോ?*
*കുട്ടനാ നന്നിയെ വേണമെന്നുണ്ടെങ്കിൽ*
*മിഠായിപോലെ നുണച്ചിരിക്കാം !*

# വെളിച്ചം

*ദൈവമേ നീ തരുന്നീ വെളിച്ചം*
*എന്നും എന്നും ഒരു*
*ഊർജമായി, പ്രതീക്ഷയായി*
*മാറുന്നു................*
*ദൈവമെ നീ ഈ*
*ധരണിയിൽ നല്കണീ*
*വെളിച്ചം ഒരു കൂട്ടായി*
*എന്നും എന്നും മാറുന്നു.*
*ഈ വെളിച്ചത്താൽ ഞങ്ങൾ*
*ഉണരുന്നു.*
*ഈ വെളിച്ചത്താൽ ഞങ്ങൾ*
*പ്രവർത്തിക്കുന്നു.*
*ഈ വെളിച്ചം മങ്ങുമ്പോളോ*
*ഞങ്ങളെല്ലാം നിശ്ചലമായി പോകുന്നു.*

ഈ വെളിച്ചം ഞങ്ങൾക്കെന്നും എന്നു
മൊരു മായാജാലം....................
സ്നേഹവും താല്പര്യവും ഉത്കണ്ഠയും
നീ ഈ ധരണിയിൽ സമാനമായി
പങ്കുവെക്കുമ്പോളും , നീ കാണുനില്ലേ................
അത്യാഗ്രഹികൾ തൻ ക്രൂരത.
മനുഷ്യർ തൻ ഈ വേലയിൽ
ഭൂമി കത്തിജ്ജ്വലിക്കുന്നു.
വെളിച്ചമേ ............പ്രകാശമേ.............
ഉണർമേ............നിഴലേ...........
നീ ഇതുതൻ നാഥനെ കാട്ടു.

## അജഗജാന്തരം

മഞ്ചാടിമനസ്സിലെ ആനക്കാരൻ നാണുക്കുട്ടിക്ക് ഒരാശ. ഒരേ ഒരാശ. ഒരു ആടു വാങ്ങണം ,സ്റ്റൈലിലതിനെ മേയ്ച്ച് വിലസേണം

ആനക്കൂട്ടിൽപ്പിറന്ന് , ആനപ്പുറത്തു നടന്ന് , ആനച്ചുവട്ടിലുറങ്ങി അങ്ങനെ ആനക്കൊട്ടിലിൽ വളർന്ന നാണുക്കുട്ടി! നമ്പന്മാരായ പാപ്പാന്മാരുടെ കുലത്തിലെ അവസാന കണ്ണി

ഒരുനാൾ പൊടുന്നനേ പൊട്ടിപ്പൊന്തിയതാണീ മോഹം. എങ്കിലും അയാൾ വളരെ ദിനങ്ങൾ അതിനെ ഒളിച്ചുവച്ചു. പക്ഷേ, നാണുക്കുട്ടിയുടെ ക്കിനാവിലും നിനവിലും ആടിന്റെ അമർത്തിപ്പിടിച്ച കരച്ചിൽ പൊങ്ങി . ക്രമേണ അയാൾപോലുമറിയാ-തെ മനസ്സ് സദാപി ആ മോഹത്തെ ഉമ്മവച്ച് ഓമനിക്കാൻ തുടങ്ങി .

എന്തേ ഈ നാൽപ്പത്തിയാറാം വയസ്സിൽ ഇങ്ങനെ ഒരാഗ്രഹം? നാണുക്കുട്ടിക്കുതന്നെ വിസ്മയം. പക്ഷേ , വിസ്മയത്താലൊടുങ്ങുന്നതാണോ ആശ ?

മോഹത്തിൽ നിലയറ്റ നാണുക്കുട്ടി രണ്ടും കല്പിച്ച്മഞ്ചാടിമനയ്ക്കലെ വലിയ തിരുമേനിയുടെ മുമ്പിൽചെന്ന് സ്വയം തളഞ്ഞുനിന്നു. ലേശം നാണത്തോടെ തോട്ടി അടിയറവുവച്ച് ഉണർത്തിച്ചു.

"തിരുമേനീ, ഇനി പാർവതിക്കുട്ടിക്ക് മറ്റൊരു പാപ്പാനെ വെക്കണം . ഞാൻ പോവ്വാണ്......."
തിരുമേനീ കഥയറിയാതെ മിഴിച്ചു .
"നീ എന്തിനാ പുറപ്പാട് "?
"ഞാൻ........ഞാൻ.......ഒരാടിനെ വാങ്ങി മേയ്ക്കാൻ പോവ്വാണ്........"
"വിഷ്ണോ ! എന്താ ഈ കേക്കണെ ! ആടിന്യോ !
നീയ്യോ ?.....നെനക്ക് ഭ്രാന്തെളക്യോ.....?"
തിരുമേനീ ആസനംവിട്ട് ഒടിഞ്ഞുയർന്നു .
നാണുക്കുട്ടി നവോഢാ സമം നിന്നു .
"അദ്ന്റെ ഒരാശയാണ് ."

സമാഹരണം: സ്നേഹ മരിയ

# എന്റെ ഗ്രാമം കാക്കവയൽ

ഒരു പക്ഷേ ഈ പേര് കേൾക്കുമ്പോൾ അത്ഭുതം തോന്നിയേക്കാം. നിങ്ങൾ കരുതും കാക്കകളും വയലുകളും ഉള്ളതുകൊണ്ടാണ് എന്ന്.എന്നാൽ യഥാർത്ഥ്യം അതൊന്നുമല്ല. പണ്ട് ഒരു കാക്ക വയലിനുമുകളിലൂടെ പറന്നാൽ ഒന്ന് അക്കരെയെത്താൻ കഴിയില്ല. അത്ര മാത്രം വയലാണ്. അങ്ങനെ
കണ്ണെത്താദൂരത്തോളം വ്യാപിച്ചു കിടക്കുന്ന വയലുകളുള്ള ഈ പ്രദേശത്തിന് കാക്കവയൽ എന്ന് പേര് കിട്ടി.

മുഹമ്മദ് ഫാസിൽ

# ചക്കര മാമ്പഴം

മാങ്ങ പഴുത്തു കിടക്കുന്ന കണ്ടപ്പോൾ
കുട്ടന്റെ കണ്ണുകൾ തള്ളി വന്നു.
മാങ്ങ പറിക്കുവാനോടിയ കുട്ടൻ
കല്ലിൽ തട്ടിത്തടഞ്ഞു വീണു.
മാങ്ങ പറിക്കുവാനുയരുവാൻ നോക്കുന്ന
കുട്ടനെയാരോ പിച്ചുനിർത്തി
കുട്ടാ.........എന്നൊരുവിളി ഉയർന്നു
"എന്റെ കുട്ടാ നിനക്കെന്തുപറ്റി"?
അമ്മ കുട്ടനെ കൂട്ടിയകത്തുപോയി.
അമ്മയോടൊപ്പം അകത്തുപോവുമ്പോഴും
കുട്ടന്റെ നോട്ടമാ മാവിൽ തന്നെ.
മാതാവിൻ കയ്യിൽ നിന്നോടിയ കുട്ടൻ
തട്ടി തടഞ്ഞു നിലത്തു വീണു.
ചക്കര മാമ്പഴം കാക്കകൊത്തിപ്പോയി
കുട്ടന്റെ കണ്ണുകൾപുഴകളായീ........

അജ്സൽ മുഹമ്മദ് കെ.

# തുടിതാളം തേടി

നമ്മുടെ മാതാവ്-കൈരളി-പണ്ടൊരു

പൊന്മണിപ്പൈതലായ് വാണകാലം-

യാതൊരു ചിന്തുമില്ലാതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ,

ഏടകലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-

റോടിക്കളിച്ചു രസിച്ച കാലം-

പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ

വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ

പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ

പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം...

# തെംസ് നദിയോട്

ആരോ പറയുന്ന തെംസ്നദി,നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തുവീണുപോൽ, അത്ഭുതം! പെട്ടെന്നു
പുഞ്ചിരികൊള്ളാൻ തുടങ്ങിപോൽ തെംസ്നദി!
ആ രാഗമല്ലലായ് , ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി,നിൻ നിർജ്ജീവ -
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നുപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നുപോൽ
തൂമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നു കളിപ്പുപോൽ!

*തെംസ് നദിയോട് (സുഗതകുമാരി)*

# പദകോശം

കുതൂഹലം -കാണുന്നതിനുള്ള കാത്തിരിപ്പ്
ചത്വരം-വഴികൾ ഒന്നിച്ചുകൂടുന്ന സ്ഥലം
ചോദന – സൂചന/പ്രേരണ
തപ്പ്-ഒരുവശം മാത്രം തോലിട്ട വാദ്യം
നിബിഡത-ഇടതൂർന്നിരിക്കുന്ന അവസ്ഥ
പടുത-തിരശ്ശീല
പേച്ചുകൾ - വാക്കുകൾ
പ്രാതസന്ധ്യ-പ്രഭാതം
സത്തുക്കൾ-ഉത്തമവ്യക്തികൾ
മരുവുക-സ്ഥിതിചെയ്യുക
ധോരണി-തിര,പാരമ്പര്യം
ഡോള-ഊഞ്ഞാൽ

സമാഹരണം:ജൂഡ്സൺ കെ. ജോസ്

# പഴഞ്ചൊല്ലുകൾ

1. ആവും കാലം ചെയ്തില്ലെങ്കിൽ ചാകും കാലം ഖേദിക്കും .
2. ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം .
3. ആഴമുള്ള കടലിലെ മുത്തുള്ളൂ .
4. ആലിൻകായ് പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പ്പുണ്ണ്.
5. അമ്മയ്ക്ക് പ്രാണവേദന മകൾക്ക് വീണവായന.
6. അത്താഴം മുടക്കാൻ നീർക്കോലി വിചാരിച്ചാലും മതി.
7. ഇരിപ്പടം കെട്ടിയേ പഠിപ്പുര കെട്ടാവൂ.
8. ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും കേട് ഇലയ്ക്ക് തന്നെ .
9. ഇടവപ്പാതി കഴിഞ്ഞാൽ ഇടവഴിയിലും വെള്ളം .
10. ഇരുചെവി അറിയാതെ ഉപകാരം ചെയ്യണം .
11. ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട്.
12. ഈറ്റെടുക്കാൻ പോയവർ ഇരട്ട പെറ്റു.
13. ഉർവ്വശി ശാപം ഉപകാരം.
14. ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.
15. ഉപ്പു തിന്നവൻ വെള്ളം കുടിക്കും.
16. ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്.
17. ഉത്തരം മുട്ടിയാൽ കൊഞ്ഞണം കുത്ത്.
18. ഊരുണ്ടെങ്കിൽ മോരു വിറ്റ് കാലം കഴിക്കാം .

സമാഹരണം : നന്ദന ഗിരീഷ്

# ആനന്ദിന്റെ പുസ്തകങ്ങൾ

**ആൾക്കൂട്ടം:** വസ്തുതകളല്ല , വസ്തുതകൾക്കു നേരേയുള്ള എഴുത്തുകാരന്റെ മനോഭാവമാണ് ആൾക്കൂട്ടത്തിന് അഗാധതാളം നൽകുന്നത് . അസ്ഥിത്വവ്യഥയുടെ നീങ്ങിപ്പോകാത്ത നിത്യാധിപത്തെക്കുറിച്ച് ആനന്ദ് തയ്യാറാക്കിയ വിപുലമായ രേഖകളാണ് ആൾക്കൂട്ടം .

**മരുഭൂമികൾ ഉണ്ടാകുന്നത് :** ഏറെക്കാലം ആലോചിച്ചും വളരെ ക്ലേശിച്ചും മനുഷ്യൻ പടുത്തുയർത്തിയ സ്ഥാപനങ്ങൾത്തന്നെ മനുഷ്യരെ പീഡിപ്പിക്കുന്നതിനുള്ള നരകയന്ത്രമായി രൂപാന്തരം പ്രാപിക്കുന്നതിന്റെ ചിത്രമാണ് ഈ കൃതി.

**അപഹരിക്കപ്പെട്ട ദൈവങ്ങൾ:** ഗണേശൻ,അയാളുടെ ഭാര്യ നസീമ കാണാതാവുകയും മടങ്ങിവരികയും വീണ്ടും നഷ്ടപ്പെടുകയും ചെയ്യുന്ന അവരുടെ മകൻ അമൻ എന്നീ മൂന്നു വ്യക്തികളിൽനിന്ന് തുടങ്ങുന്ന ഈ നോവൽ അതിവേഗം പ്രത്യക്ഷരും അപ്രത്യക്ഷരും ,ഉണ്ടോ എന്ന് അറിയാത്തതുമായ ഒരുപാട് കഥാപാത്രങ്ങളിലേക്ക് വികസിക്കുന്നു.അത്യന്തം ശിഥിലീകരിക്കപ്പെട്ടതും നിയന്ത്രണങ്ങൾ നഷ്ടപ്പെട്ടതും നാടോടിത്തത്തോട് സമീപിക്കുന്നതുമായ സമകാലിക നാഗരികതയായിത്തീരുന്നു രംഗം.

തയ്യാറാക്കിയത് : സൂന. കെ. ഷിബു

# പുരോഗാമി

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽപ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യാരാധകന് വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി. ഈ പണം എന്തുമാത്രം ജീവിതസൗകര്യങ്ങളാണനൽകുന്നത്!
എല്ലാവരാലുംഅവഗണണിക്കപ്പെട്ട്
ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടക്കുന്ന ഒരു മൃതശിലാഖണ്ഡത്തിനുപകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങും ?

അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാരാധകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു :എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കുതോന്നും?

*പുരോഗാമി - ഖലീൽ ജിബ്രാൻ*

# പ്രളയ നാട്

കണ്ണുനീർ തോരാതെ
കരഞ്ഞന്നു മാനം
അത്രമേലാരോ നോവിച്ചപോലെ
കെട്ടിപ്പടുത്തൊരാ നീചമാം വേലികൾ,
കുത്തിയൊലിപ്പിച്ചൊഴികിയകന്നു
വഴിയരികിലേകയായ് നിന്നൊരാ വൃദ്ധ
മൊഴിയുന്നു കേരളനാടിൻ കഥ
കണ്ണിൽ നിന്നടരുന്ന കണ്ണുനീർത്തുള്ളിയിൽ
പരിഹാസമോ,ദു:ഖമോ അറിയീലതാനും
മാവേലി വാണൊരീ മലയാളനാട്
കെട്ടിപ്പടുത്തൊരീ മതത്തിൻ വേലികൾ
ഒരു മാത്ര കൊണ്ടിന്ന് ഇല്ലാതെയായി
അതിജീവനത്തിന്റെ കത്തിജ്വലിക്കുന്ന
പ്രതീകമായ് മാറി മലയാള മക്കൾ

നവീൻ പ്രദീപ്

# പ്രസംഗം

മാന്യസദസ്സിന്   വന്ദനം ,
പ്രിയ കൂട്ടുകാരെ ഞാൻ ഇന്ന്
നിങ്ങളോട് പറയാൻ പോകുന്ന വിഷയം വായന എന്നതാണ്. വായന എന്നത് നമ്മുടെ ജീവിതത്തിൽ വേണ്ട വളരെ വലിയ കാര്യമാണ്. നമ്മൾ പലപ്പോഴും വായന എന്ന വാക്ക് മറന്നുപോകുന്നു . വായനയുടെ തെരുവീഥികളിലേക്ക് നടക്കേണ്ട നമ്മൾ ഇന്റെർനെ-റ്റിന്റെ ദൃഷ്യവഴികളിലേക്ക് തിരിയുന്നു .വായന നമുക്ക് അറിവ് നേടി തരുന്ന ഒന്നാണ്. വായിച്ചു വളർന്നാൽ നമുക്ക് ഈ അറിവിന്റെ ലോകം കീഴടക്കാം . നമ്മൾ വായന മറന്നുപോയവരെ വായനയുടെ നീലതടാകത്തി-ലേക്ക് എത്തിക്കാം . പുസ്തകം വായിച്ച് കിട്ടുന്ന അറിവ് നമ്മൾ മറ്റുള്ളവർക്കും പറഞ്ഞുകൊടുക്കുക . വായനയുടെ അമ്മത്തൊട്ടിലിൽ നിന്ന് ഇപ്പോൾ മനുഷ്യർ ഇന്റെർ-നെറ്റെന്ന പാതാളത്തിലേക്ക് ഇറങ്ങിചെല്ലുന്നു . നമുക്ക് ഇങ്ങനെയുള്ള ലോകം മാറ്റിയെടുക്കാം . വായനയുടെ മഹത്ത്വം വെളിപ്പെടുത്താം .
ഒരുങ്ങാം , നല്ല നാളെക്കായി

ജയ് ഹിന്ദ്

-സില്ല മോൾ വി . എസ്

# നാലിതൾപ്പൂവ്

കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടുനനച്ചിരുന്നു.
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റി വളർന്നതു മൊട്ടണിഞ്ഞ ചാരുരഹസ്യമൊന്നും.
ഉച്ചിക്കുടുമയും പാറിച്ചുനിൽക്കുന്ന
കൊച്ചനെന്താവുമെന്നാർ ഗണിക്കും?

കുട്ടനു മാത്രമുണ്ടെന്തോ ചിലതിങ്ങു
പൊട്ടിവീണേക്കുമെന്നുള്ള ഭാവം,
പേടിയും ഹർഷവുമിത്തിരി ധാർഷ്ട്യവും
കൂടിക്കലർന്നോരിടയിളക്കം.

ആദ്യത്തെ മൊട്ടിന്നു ചുണ്ടുചോന്നി,ല്ലവ-
ന്നായിരും പൂക്കൾ വിരിഞ്ഞിതുള്ളിൽ,
ആയിരം പൂക്കാലമൊപ്പവൊന്നു കൺമിഴിക്കെ.

കമ്പം പിടിച്ചൊരു പൂമ്പുലരിക്കെന്തൊ-
രിമ്പമാ മുറ്റത്തു നൃത്തമാടാൻ!
അമ്പിളിക്കീറിന്നു പോകുവാനുണ്ടഴ-
ലംബരത്തിണ്ണയിൽപറ്റിനിന്നു.

ആർപ്പും വിളിയുമായെത്തീ കളകള-
മാകാശത്തഞ്ചിതഗീതകങ്ങൾ
കൊഞ്ചിക്കുഴഞ്ഞിതാ തപ്പുകൊട്ടും കുരു-
പ്പൂഞ്ചിറകേലുവോർ നാലുപാട്ടും.

കുട്ടനാ മുറ്റത്തിളംവെയിൽത്തന്നെ
പൊട്ടിത്തരിച്ചു കുളിർത്തുനിന്നു.
മൂത്തവരാരാനുമാവഴി ചെല്ലുകിൽ
മറ്റൊരു പൂവെന്നേ സങ്കൽപ്പിയ്ക്കൂ.


ആ മലർത്തൊത്തിലെക്കാന്തിപ്രവാഹത്തെ,
ആ മുഗ്ധസൗന്ദര്യമാധുരിയെ,
അത്തുടുത്തോരിതൾച്ചാർത്തിൻ പതുപ്പിനെ,
ആയിളം മഞ്ഞയാമല്ലികളെ,
ഓരോന്നുമോരോന്നും പേർത്തവനാസ്വദി-
ച്ചാനന്ദമൂർച്ഛയിലാണ്ടുനിൽക്കെ,
ആ വഴി പോന്നവനെന്തതിനാരുത്സാഹം
തേവിത്തുളുമ്പും കിടാങ്ങളേറെ.

പൊന്നിൻ തളികപോലെത്തുടുവെയ്ക്കുത്തു
മിന്നിത്തിളങ്ങും മനോജ്ഞതയെ
കാണുമോ വാഴ്ത്തുമ്പോൾ തൽഗുണ-
ശ്രേണിയിൽ വല്ലതും വിട്ടുപോമോ?

വിട്ടുപോയീലൊന്നുമക്കുട്ടർ കണ്ടെത്തി,
കുറ്റപ്പെടുത്തേണ്ടും കോപ്പുകൂടി,
' പൂ നന്ന്" - നന്നെന്ന രണ്ടക്ഷരങ്ങളിൽ-
ത്താനൊതുങ്ങീടാഗ്ഗുണങ്ങളെന്തേ?-

സൗന്ദര്യബോധമോ, ശില്പസാമർത്ഥ്യമോ,
മന്ദേതരശ്രമശാലിതയോ?
കുട്ടനാ നന്നിയെ വേണമെന്നുണ്ടെങ്കിൽ
മിഠായിപോലെ നുണച്ചിരിക്കാം !

# നന്ദിയോടെ



കാക്കവയൽ ഗവ.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രയത്നത്തിന്റെ പ്രതീകമായ ഈ ഡിജിറ്റൽ മാഗസിൻ ആസ്വദിക്കാൻ മനസ്സുകാണിച്ച പ്രീയ വായനക്കാർക്ക് നന്ദി. ഒപ്പം ഈ സംരംഭത്തിൽ ഞങ്ങളുടെയൊപ്പം നിന്ന് ഞങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയ അധ്യാപകർക്കും നന്ദിയുടെ നറുമലരുകൾ.